**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 497** **24-08-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ഏജൻസികളുടെ കടന്നു കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രം ഭരിക്കുന്ന മുന്നണി അധികാരത്തിലില്ലാത്ത സംസ്ഥാനങ്ങളെ കേന്ദ്ര ഏജൻസികളെ ദുരുപയോഗപ്പെടുത്തി അസ്ഥിരപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഇത്തരം ഏജൻസികൾ നടത്തിയിട്ടുള്ള കടന്നു കയറ്റം സംബന്ധിച്ച് വിശദീകരിക്കാമോ; | (എ) | കേന്ദ്രം ഭരിക്കുന്ന മുന്നണി അധികാരത്തിലില്ലാത്ത സംസ്ഥാനങ്ങളെ കേന്ദ്ര ഏജൻസികളെ ദുരുപയോഗപ്പെടുത്തി തങ്ങളുടെ രാഷ്ട്രീയ ഇംഗിതത്തിന് വശംവദരാക്കുവാനോ രാഷ്ട്രീയ അജണ്ടകളുടെ അനുവർത്തികളാക്കാനോ ഉള്ള ശ്രമം കുറച്ച് നാളുകളായി നടത്തി വരുന്നുണ്ട്. ടി ശ്രമങ്ങളെ പ്രതിരോധിക്കുന്ന സാഹചര്യങ്ങളിൽ സംസ്ഥാന സർക്കാരുകളെ അസ്ഥിരപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി കേന്ദ്രം മുന്നോട്ട് പോകുന്നുവെന്നത് അത്യന്തം അപലപനീയമായ നടപടിയാണ്. Co-Operative Federalism – ന്റെ Spirit –നെ തന്നെ അട്ടിമറിക്കുന്ന ഇത്തരം നടപടികൾ കേരളവും അഭിമുഖീകരിച്ച് വരുന്നുണ്ട്. മേൽ ദിശയിലേയ്ക്കുള്ള പ്രവർത്തികൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ വേഗം മന്ദീഭവിപ്പിക്കുവാൻ സാദ്ധ്യതയുള്ളതിനാൽ ആയത് സംസ്ഥാനത്തിന്റെ പൊതുതാത്പര്യത്തിന് വിരുദ്ധവുമാണ്. |
| (ബി) | സംസ്ഥാനത്തിന്റെ ആഭ്യന്തര സാമ്പത്തിക ഇടപാടുകൾ പ്രതിഫലിക്കുന്ന പബ്ലിക് അക്കൗണ്ടിൽ ബാക്കിയുള്ള തുക കൂടി ഉൾപ്പെടുത്തി കടമെടുപ്പ് പരിധി നിശ്ചയിക്കുന്ന രീതി കേന്ദ്ര ധനമന്ത്രാലയം പിൻതുടർന്നു വരുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ കടത്തിൽ പബ്ലിക് അക്കൗണ്ടുകൂടി ഉൾപ്പെടുത്തുന്ന ഒരു സമീപനം കേന്ദ്ര സർക്കാർ കുറച്ച് കാലങ്ങളായി അനുവർത്തിച്ച് പോരുന്നുണ്ട്. തത്ഫലമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ആയിരക്കണക്കിന് കോടി രൂപയുടെ കുറവ് ഓരോ സാമ്പത്തിക വർഷവും വരുന്നുണ്ട്. ഇത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനെതിരായ സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര ഏജൻസികളെ ദുരുപയോഗം ചെയ്ത് യുക്തിസഹമല്ലാത്ത പരാമർശങ്ങൾ നടത്തിയും | (സി) | കേന്ദ്ര ഏജൻസികളുടെ നിയമവിരുദ്ധമായ ഇടപെടലുകൾ ഉചിതമായ രീതിയിൽ സംസ്ഥാനം |

| | | | |
|---|---|---|---|
| | വ്യാജ മാധ്യമ വാർത്തകൾ നൽകിയും കിഫ്ബി, സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി എന്നിവയുടെ ബ്രാൻഡിംഗ് തകർക്കുന്നതിനും അതിലൂടെ വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾക്കും ധനസമാഹരണം നടത്തുന്നതിന് ഭരണഘടനാപരമായി സംസ്ഥാനത്തിനുള്ള അവകാശങ്ങളെ ഹനിക്കുന്നതിനും നടന്നു വരുന്ന ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | പ്രതിരോധിച്ചുപോരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ